# വഖഫ് സ്വത്ത്: മുഴുവൻ രേഖകളും നഗരസഭ മുമ്പാകെ യൂത്ത് ലീഗ് ഹാജരാക്കി

തളിപ്പറമ്പ: കരിമ്പത്തെ വഖഫ് ഭൂമി സംബന്ധിച്ച മുഴുവൻ രേഖകളും മുനിസിപ്പൽ യൂത്ത് ലീഗ് ഭാരവാഹികൾ നഗരസഭ സെക്രട്ടറി മുമ്പാകെ ഹാജരാക്കി. രേഖകൾ സമർപ്പിക്കപ്പെട്ടതോടെ വഖഫ് ഭൂമി വ്യാജ പ്രമാണങ്ങളിലൂടെ സ്വകാര്യ വ്യക്തി കൈവശപ്പെടുത്തിയതാണെന്ന ആരോപണത്തിന് ബലമേറി.

1965ൽ 364, 365 ലീസ് ആധാരപ്രകാരം ജമാഅത്ത് പള്ളി മുത്തവല്ലി കക്കോട്ടകത്ത് വളപ്പിൽ സൈനുദീൻഹാജി തളിപ്പറമ്പ് രജിസ്ട്രോഫീസ് മുഖേന രജിസ്റ്റർ ചെയ്ത് ജനാർദനൻ പിള്ള എന്നയാൾക്ക് ലീസിന് നൽകിയതായിരുന്നു ഭൂമി. അന്ന് 17 വയസ് മാത്രമുണ്ടായിരുന്ന കൊല്ലത്തെ മോഹൻദാസ് രാജനുവേണ്ടിയാണ് ജനാർദനൻ പിള്ള സ്ഥലം ലീസിന് വാങ്ങിയത്. എന്നാൽ ഈ സ്ഥലം 1973ൽ തളിപ്പറമ്പ് രജിസ്ട്രോഫീസിലെ 2621 ആധാരപ്രകാരം ഭാസ്കരൻ നായർ എന്നയാളെ മുക്ത്യാദാറാക്കി മോഹൻദാസ് രാജൻ ഒരു നാരായണപിള്ളക്ക് വിൽക്കുന്നു. ഇവിടം മുതലാണ് തട്ടിപ്പ് അരങ്ങേറുന്നത്. 1964ൽ കേരളത്തിൽ ഭൂപരിഷ്കരണ നിയമം നിലവിൽ വന്നു. അതിനെ മറികടക്കാൻ 1965ൽ ലീസിന് നൽകിയ രേഖയിൽ വർഷം 1964 ആക്കി തിരുത്തുകയായിരുന്നു. ഈ സ്ഥലം പിന്നീട് നാരായണപ്പിള്ള ലക്ഷ്മി വസന്തിന് വിറ്റു. ലക്ഷ്മി വസന്ത് 2004ൽ അബ്ദുൾ റൗഫ് എന്നയാൾക്ക് വിറ്റു. അബ്ദുൾ റൗഫ് ഈ സ്ഥലം ഷെരീഫക്കും ഷെരീഫ അബൂബക്കർ എന്നയാൾക്കും അബൂബക്കർ ജൻഷി എന്നയാൾക്കും കൈമാറി. അവിടെ നിന്നാണ് തലശേരി സ്വദേശിയായ കെ.വി. മഹറൂഫിന്റെ കയ്യിൽ ഭൂമി എത്തുന്നത്. മഹറൂഫ് ഈ ഭൂമിയിൽ കെട്ടിട നിർമ്മാണം ആരംഭിച്ചപ്പോഴാണ് വിവാദം ഉയർന്നത്. കരിമ്പത്തെ ഈ സ്ഥലം വഖഫ് ബോർഡിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് ചൂണ്ടിക്കാണിച്ച് വഖഫ് സ്വത്ത് സംരക്ഷണ സമിതിയും മുസ്ലിംലീഗ്, യൂത്ത് ലീഗ് സംഘടനകൾ ഉൾപ്പെടെയുള്ളവരും രംഗത്തുവന്നു. മുസ്ലിംയൂത്ത് ലീഗ് നഗരസഭക്ക് പരാതി നൽകിയതിനെ തുടർന്ന് രേഖകൾ ഹാജരാക്കാൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ഇതേ തുടർന്നാണ് രേഖകൾ ഹാജരാക്കിയത്. തളിപ്പറമ്പ് സബ് രജിസ്ട്രാർ ഓഫീസിൽ നിന്ന് പകർത്തി വാങ്ങിയതാണ് യൂത്ത് ലീഗ് ഹാജരാക്കിയ രേഖകൾ. ഈ രേഖകളും മഹറൂഫ് നഗരസഭ മുമ്പാകെ ഹാജരാക്കിയ രേഖകളും തമ്മിൽ കൃത്യമായ വൈരുദ്ധ്യമുണ്ട്. 1965 എന്ന വർഷം 1966 എന്നാക്കി മാറ്റി വഖഫ് സ്വത്തിന് 2004ൽ പട്ടയം കരസ്ഥമാക്കിയതാണ് ഇതിൽ ഏറ്റവും പ്രധാനം. തട്ടിപ്പ് വ്യക്തമായ സാഹചര്യത്തിൽ നഗരസഭ നിർമ്മാണ പ്രവൃത്തിക്ക് അനുമതി നൽകിയത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കർശന നടപടി സ്വീകരിക്കണമെന്ന ആവശ്യം ശക്തമായിട്ടുണ്ട്.

# മലയാള സിനിമക്ക് മറക്കാനാകാത്ത ആമിനത്താത്ത



അബി ആമിനത്താത്തയുടെ വേഷത്തിൽ

എറണാകുളം: അനുകരണ കലയിൽ അബി ശ്രദ്ധേയനായത് ആമിനത്താത്ത എന്ന കഥാപാത്രത്തെ അവതരിപ്പിച്ചുകൊണ്ട്. തട്ടം ഉൾപ്പെടെയുള്ള വസ്ത്രങ്ങളുമായി മധ്യവയസ്ക്കയായ മുസ്ലിം സ്ത്രീയുടെ വേഷത്തിലെത്തി മുസ്ലിം സ്ത്രീ ശബ്ദത്തിൽ സംസാരിച്ചുകൊണ്ടായിരുന്നു അബി മിമിക്രി പരിപാടികളുടെ ആദ്യകാലത്ത് ശ്രദ്ധ പിടിച്ചുപറ്റിയത്. സ്വന്തം വല്ല്യുമ്മയെ അനുകരിച്ചുകൊണ്ടായിരുന്നു ആമിനത്താത്തക്ക് അബി ജീവൻ നൽകിയത്. പിന്നീട് ഒരു മലയാള സിനിമയിലും ആമിനത്താത്തയായി അബി പ്രത്യക്ഷപ്പെട്ടിരുന്നു.

ഹബീബ് മുഹമ്മദ് എന്നാണ് അബിയുടെ യഥാർത്ഥ പേര്. ഉത്സവ കമ്മിറ്റിക്കാരാണ് തന്റെ പേര് അബി എന്നാക്കി മാറ്റിയത് എന്ന് അദ്ദേഹം തന്നെ വെളിപ്പെടുത്തിയിരുന്നു. നാട്ടിൽ കലാപരിപാടികൾക്ക് ചെല്ലുമ്പോൾ തന്റെ മുഴുവൻ പേരും അറിയാത്തതുകൊണ്ട് അബി എന്ന അനൗൺസ് ചെയ്യുകയും പിന്നീട് അതുതന്നെ പേരായി സ്വീകരിക്കുകയായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ആദ്യം സിനിമയിൽ അഭിനയിക്കാൻ ചെന്നപ്പോൾ ആരാണ് നിനക്ക് ഈ പേരിട്ടതെന്ന് നടൻ മമ്മൂട്ടി ചോദിച്ച കാര്യവും അബി വെളിപ്പെടുത്തിയിരുന്നു.

സ്വന്തം മകന് അവാർഡ് നൽകാൻ കഴിഞ്ഞ ധന്യതയോടെയാണ് അബി ജീവിതത്തിന്റെ അരങ്ങിൽ നിന്ന് വിടവാങ്ങുന്നത്. അന്നയും റസൂലും സിനിമയിലൂടെ കടന്നുവരികയും കിസ്മത്ത്, പറവ തുടങ്ങിയ സിനിമകളിലെ നായക വേഷത്തിലൂടെ മലയാള സിനിമയിൽ സ്വന്തം ഇരിപ്പിടം കരസ്ഥമാക്കുകയും ചെയ്ത യുവനടൻ ഷെയ്ൻ നിഗാം അബിയുടെ മകനാണ്. കഴിഞ്ഞയാഴ്ച ദുബായിൽ വെച്ച് ഷെയ്ന് അവാർഡ് സമ്മാനിച്ചാണ് അബി നാട്ടിലേക്ക് മടങ്ങിയത്.



തിമിരി പഞ്ചായത്ത് റോഡിന് സമീപത്തായി ഗ്ലാസ് മാലിന്യം തള്ളിയ നിലയിൽ.

# ജനവാസ മേഖലയിൽ ഗ്ലാസ് മാലിന്യം തള്ളുന്നത് ദുരിതമായി

ആലക്കോട്: ജനവാസ മേഖലയിൽ ഗ്ലാസ് മാലിന്യം കൂട്ടത്തോടെ തള്ളുന്നത് നാട്ടുകാർക്ക് ദുരിതമാകുന്നു. തിമിരി പൊതുശ്മശാനം റോഡിന് സമീപത്തായാണ് വൻതോതിൽ ഗ്ലാസ് അവശിഷ്ടങ്ങൾ കൊണ്ടുവന്ന് തള്ളിയിരിക്കുന്നത്. നിരവധി വീടുകളും നൂറ് കണക്കിന് വിദ്യാർത്ഥികളും പഠിക്കുന്ന കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന സ്ഥലത്താണ് ഗുരുതര പ്രത്യാഘാതങ്ങൾ ഉയർത്തുന്ന വിധത്തിലുള്ള മാലിന്യ നിക്ഷേപം വ്യാപകമായിരിക്കുന്നത്. പൊട്ടിയ ഗ്ലാസ് കഷണങ്ങളാണ് മുഴുവൻ. ഏതോ കമ്പിനിയിൽ നിന്ന് വാഹനത്തിലെത്തി കൊണ്ടുവന്ന് തള്ളിയതാണെന്നാണ് സംശയിക്കുന്നത്. പുൽമേട് നിറഞ്ഞ ചീങ്കപ്രദേശത്ത് ഗ്ലാസ് അവശിഷ്ടങ്ങൾ കിടക്കുന്നത് കാൽനടയാത്രക്കാർക്ക് ഏറെ അപകട ഭീഷണി ഉയർത്തുകയാണ്. ഗ്ലാസ് അവശിഷ്ടങ്ങൾ ഇവിടെ നിന്ന് മാറ്റുന്നതിനും മാലിന്യ നിക്ഷേപം തടയുന്നതിനും അധികൃതർ നടപടികൾ സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

# എസ്.ഡി.പി.ഐ പിന്തുണയോടെ സി.പി.എമ്മിന് പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനം

മലപ്പുറം: എസ്.ഡി.പി.ഐ, പി.ഡി.പി, വെൽഫെയർ പാർട്ടി എന്നിവയുടെ പിന്തുണയോടെ സി.പി.എം പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനത്ത് വിജയിച്ചു. പറപ്പൂർ പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനമാണ് സി.പി.എം തിരിച്ചുപിടിച്ചത്. സി.പി.എമ്മിലെ കാലടി ബഷീറിനെ പ്രസിഡണ്ടായി തിരഞ്ഞെടുത്തു.

# കെ.ടി.ജയകൃഷ്ണൻ രക്തസാക്ഷിദിനാചരണം നാളെ; ജില്ലയിൽ കനത്ത പോലീസ് സുരക്ഷ

കണ്ണൂർ: യുവമോർച്ച നേതാവായിരുന്ന കെ.ടി.ജയകൃഷ്ണൻ ബലിദാനദിനാചരണത്തോടനുബന്ധിച്ച് നാളെ ജില്ലയിൽ കനത്ത സുരക്ഷാസന്നാഹം ഏർപ്പെടുത്താൻ പോലീസ് തീരുമാനിച്ചു. ഇതുസംബന്ധിച്ച് ജില്ലാ പോലീസ് സൂപ്രണ്ട് ശിവവിക്രം വിവിധ പോലീസ് സ്റ്റേഷനുകളിൽ നിർദേശം നൽകി.

നാളെ വൈകുന്നേരം നാല് മണിക്ക് കണ്ണൂരിൽ യുവമോർച്ച പ്രകടനവും പൊതുസമ്മേളനവും നടക്കും. കണ്ണൂരിന് പുറമേ കാസർക്കോട്, കോഴിക്കോട്, വയനാട് ജില്ലകളിൽ നിന്നുള്ള പ്രവർത്തകർ പരിപാടിയിൽ സംബന്ധിക്കും. ദേശീയ പ്രസിഡണ്ട് പൂനം മഹാജൻ എം.പി ഉദ്ഘാടനം ചെയ്യും. കണ്ണൂരിൽ നടക്കുന്ന പരിപാടിക്ക് കനത്ത സുരക്ഷ ഏർപ്പെടുത്തും. സമ്മേളനം കഴിഞ്ഞ് മടങ്ങി പോകുന്നവർ സഞ്ചരിക്കുന്ന വാഹനങ്ങൾക്ക് നേരെ അക്രമമുണ്ടാകാതിരിക്കാൻ പ്രത്യേക നിരീക്ഷണ സംവിധാനമൊരുക്കും. പ്രശ്നബാധിത പ്രദേശങ്ങളായ പാനൂർ, തലശേരി, കൂത്തുപറമ്പ്, കണ്ണൂർ ടൗൺ, വളപട്ടണം, പയ്യന്നൂർ എന്നിവിടങ്ങളിൽ പോലീസിനെ വിന്യസിപ്പിക്കും.

# പേരാമ്പ്രയിൽ സി.പി.എം – ലീഗ് സംഘർഷം; ലീഗ് ഓഫീസിന് ബോംബെറിഞ്ഞു

പേരാമ്പ്ര: സി.പി.എം-മുസ്ലിം ലീഗ് സംഘർഷം നിലനിൽക്കുന്ന പേരാമ്പ്ര കക്കാട് ലീഗ് ഓഫീസിന് നേരെ ബോംബേറ്. ഇന്ന് പുലർച്ചെ മൂന്ന് മണിയോടെയുണ്ടായ സ്ഫോടനത്തിൽ ഓഫീസിന്റെ ജനൽപാളികൾ തകർന്നു. വാഹനത്തിൽ എത്തിയ സംഘമാണ് ഓഫീസിന് നേരെ ബോംബെറിഞ്ഞതെന്ന് ലീഗ് നേതാക്കൾ ആരോപിച്ചു. ഇന്നലെ രാത്രി മുതലാണ് ഈ മേഖലയിൽ ഇരു പാർട്ടികളും തമ്മിൽ സംഘർഷം പൊട്ടിപുറപ്പെട്ടത്. വാളൂർമുക്കിലുണ്ടായ ഏറ്റുമുട്ടലിൽ പത്തോളം പേർക്ക് പരിക്കേറ്റിരുന്നു. ഇവർ ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. സംഘർഷം വ്യാപിക്കാതിരിക്കാൻ പോലീസ് മുൻകരുതലുകളെടുത്ത് വരികയാണ്. ശാശ്വത സമാധാനം ഉണ്ടാക്കാൻ നാദാപുരം ഡി.വൈ.എസ്.പി സർവകക്ഷിയോഗം വിളിച്ചു ചേർത്തിട്ടുണ്ട്.

# ടി.കെ.പളനി...

*(ഒന്നാം പേജിൽ നിന്ന്)*

താൻ പാർട്ടി വിടുന്നെങ്കിൽ വിടട്ടേയെന്നാണ് നേതൃത്വത്തിന്റെ നിലപാട്. വളരെ ചെറുപ്പത്തിൽ തന്നെ നിരവധി പ്രതിസന്ധികളെ തരണം ചെയ്താണ് താൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വേണ്ടി പ്രവർത്തിച്ചത്. എന്നാൽ ഇപ്പോൾ പാർട്ടിക്ക് ആശ്രിതൻമാരെയാണ് വേണ്ടത്. അങ്ങനെയല്ലാത്തവരെ അവഗണിക്കുകയാണ്. പാർട്ടി അംഗത്വം പുതുക്കാൻ പോലും നേതാക്കൾ തന്നെ സമീപിച്ചില്ല. ചെങ്കൊടിക്ക് കീഴിൽ തന്നെ പ്രവർത്തിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അതിനാലാണ് സി.പി.ഐയിലേക്ക് പോകുന്നത്. സി.പി.ഐ നേതൃത്വത്തെ ഇക്കാര്യം അറിയിച്ചിട്ടുണ്ട്. പളനി പറഞ്ഞു.

എന്നാൽ പളനി സി.പി.എമ്മിൽ ഇല്ലെന്നും കാലങ്ങളായി പാർട്ടി വിരുദ്ധ പ്രവർത്തനവുമായി നടക്കുകയാണെന്നും സി.പി.എം ജില്ലാ സെക്രട്ടറി സജി ചെറിയാൻ പറഞ്ഞു. പളനി സി.പി.ഐയിൽ ചേരുകയാണെങ്കിൽ അവർ അനുഭവിച്ചുകൊള്ളുമെന്നും സജി ചെറിയാൻ കൂട്ടിച്ചേർത്തു.



രയരോത്തെ പുതുപ്പള്ളിൽ സനീഷിന്റെ വീട്ടുമുറ്റത്തെ ഷെഡിൽ നിർത്തിയിട്ട കാർ തെങ്ങ് വീണ് തകർന്ന നിലയിൽ

# വേനൽക്കാറ്റിൽ തെങ്ങ് വീണ് കാറും ഷെഡും തകർന്നു; വൻ നാശനഷ്ടം

ആലക്കോട്: വേനൽക്കാറ്റിൽ തെങ്ങ് കടപുഴകി വീണ് വീട്ടുമുറ്റത്ത് നിർത്തിയിട്ട കാർ തകർന്നു. രയരോം ഗവ. ഹൈസ്കൂളിന് സമീപത്തെ പുതുപ്പള്ളിൽ സനീഷിന്റെ കെ.എൽ 59 ബി 9888 മാരുതി കാറാണ് തകർന്നത്. ഇന്ന് രാവിലെ 9.30 ഓടെയാണ് സംഭവം. വീട്ടുമുറ്റത്തെ ഷെഡും തകർത്താണ് തെങ്ങ് കാറിന് മുകളിലേക്ക് പതിച്ചത്. ഈ സമയത്ത് സനീഷും കുടുംബാംഗങ്ങളും വീടിനുള്ളിലായിരുന്നതിനാലാണ് അപകടത്തിൽ നിന്ന് രക്ഷപ്പെട്ടത്. കാർ പൂർണ്ണമായി തകർന്നു. ലക്ഷങ്ങളുടെ നഷ്ടം നേരിട്ടു. രയരോം മേഖലയിൽ വേനൽക്കാറ്റ് വ്യാപക നാശനഷ്ടമാണ് വിതച്ചത്. റബർ ഉൾപ്പെടെ നിരവധി കാർഷിക വിളകൾക്ക് നാശം നേരിട്ടു.

# രണ്ട് നിലക്ക് അനുമതി വാങ്ങി നാല് നിലയെടുത്തു

# എരിപുരത്തെ വ്യാപാര സമുച്ചയത്തിലെ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റാൻ ഉത്തരവ്

പഴയങ്ങാടി: എരിപുരത്തെ വ്യാപാര സമുച്ചയത്തിന്റെ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റാൻ ഉത്തരവ്.

ഏഴോം പഞ്ചായത്തിലെ കെ.എസ്.ടി.പി റോഡിന് സമീപം എരിപുരം കവലയിലാണ് സ്വകാര്യ വ്യക്തി കെട്ടിട നിർമ്മാണ ചട്ടങ്ങൾ കാറ്റിൽപറത്തി നാലുനില വ്യാപാരസമുച്ചയം പണികഴിപ്പിച്ചത്. രണ്ട് നിലകളുള്ള കെട്ടിടത്തിനാണ് 2013ൽ ഏഴോം പഞ്ചായത്ത് അനുമതി നൽകിയത്. പിന്നീട് രണ്ട് നിലക്ക് കൂടി അപേക്ഷ നൽകി. എന്നാൽ നാലാംനിലക്ക് പഞ്ചായത്ത് അനുമതി നൽകിയിരുന്നില്ല. രണ്ടാംനിലയുടെ മുകളിൽ പ്ലാനിൽ പറഞ്ഞ നിർമ്മാണ പ്രവൃത്തിയല്ല നടത്തിയത്. എഞ്ചിനീയറിംഗ് വിഭാഗം ഇതു കണ്ടുപിടിച്ചതോടെ നിർമ്മാണ പ്രവൃത്തി നിയമ പ്രകാരമാക്കാനും അനധികൃത നിർമ്മാണം പൊളിച്ചു മാറ്റാനും നിർദേശം നൽകി. എന്നാൽ പൊളിച്ചുമാറ്റാൻ കെട്ടിട ഉടമ തയ്യാറായില്ല. രണ്ടാംനില വരെയുള്ള മുറികൾക്ക് മാത്രമാണ് പഞ്ചായത്ത് നമ്പർ നൽകിയത്. ഫയർ ആന്റ് സേഫ്റ്റി സംവിധാനം കെട്ടിട സമുച്ചയത്തിൽ ഒരുക്കിയിരുന്നില്ല. മാത്രമല്ല കെട്ടിടത്തിന്റെ ഉയരത്തിന് ആനുപാതികമായി റോഡിൽ നിന്ന് അകലം പാലിച്ചല്ല നിർമ്മാണം നടത്തിയതെന്നും കണ്ടെത്തിയിരുന്നു. ഇതേ തുടർന്നാണ് അനധികൃത നിർമ്മാണം പൊളിച്ചുമാറ്റാൻ ഉത്തരവ് പുറപ്പെടുവിച്ചത്.

# ചന്ദ്രശേഖരൻ നായരുടെ മരണം; നാളെ അനുശോചന യോഗം

തളിപ്പറമ്പ: മുൻ ഭക്ഷ്യമന്ത്രിയും സി.പി.ഐ നേതാവുമായ ഇ. ചന്ദ്രശേഖരൻ നായരുടെ നിര്യാണത്തിൽ അനുശോചിച്ച് നാളെ വൈകുന്നേരം അഞ്ചിന് തളിപ്പറമ്പ് ടൗൺ സ്ക്വയറിന് സമീപം സർവ്വകക്ഷി അനുശോചന യോഗം ചേരും.

# തെക്കൻ കേരളത്തിൽ കനത്ത മഴ; തിരുവനന്തപുരത്ത് പത്ത് വീടുകൾ ഉരുൾപൊട്ടലിൽ തകർന്നു

തിരുവനന്തപുരം: തെക്കൻ കേരളത്തിലും മധ്യ കേരളത്തിലും കനത്ത മഴ. നാഗർകോവിൽ, കന്യാകുമാരി മേഖലയിൽ വീശി അടിച്ച ചുഴലിക്കാറ്റിൽ കനത്ത നാശനഷ്ടമുണ്ടായി. തിരുവനന്തപുരം അമ്പൂരിൽ ഉരുൾപൊട്ടലിൽ പത്തോളം വീടുകൾ തകർന്നു. ആർക്കും പരിക്കില്ല. തിരുവനന്തപുരത്ത് മഴ ഗതാഗതത്തെ സാരമായി ബാധിച്ചു. തെക്കൻ തമിഴ്നാട്ടിലും കേരളത്തിലും അതിശക്തമായ മഴയുണ്ടാകുമെന്നാണ് മുന്നറിയിപ്പ്. ഇതേ തുടർന്ന് ഇന്ന് ഉച്ചക്ക് ശേഷം തിരുവനന്തപുരം ജില്ലയിലെ സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചു. ശബരിമലയിലും പുലർച്ചെ ശക്തമായ മഴയായിരുന്നു. ഇടുക്കി ജില്ലയിൽ പലയിടത്തും കനത്ത കാറ്റ് വീശുന്നുണ്ട്. കോട്ടയത്ത് രാവിലെ മുതൽ മൂടിക്കെട്ടിയ അന്തരീക്ഷമാണ്. കനത്ത മഴയെ തുടർന്ന് ചില ട്രെയിനുകൾ റദ്ദാക്കുകയും മറ്റ് ചിലതിന്റെ സമയം പുനക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. കന്യാകുമാരിക്ക് സമീപം ഇന്ത്യൻ മഹാസമുദ്രത്തിൽ രൂപംകൊണ്ട ന്യൂനമർദമാണ് കനത്ത മഴക്ക് കാരണം.

# നബിദിന തോരണങ്ങൾ കെട്ടുന്നതിനിടെ പള്ളി സെക്രട്ടറിക്ക് മർദനം

തളിപ്പറമ്പ: നബിദിനത്തോടനുബന്ധിച്ച് പള്ളി പരിസരം അലങ്കരിക്കുന്നതിനിടെ പള്ളി കമ്മിറ്റി സെക്രട്ടറിക്ക് മർദനമേറ്റു. മാങ്ങാട് ജുമാമസ്ജിദ് പള്ളി കമ്മിറ്റി സെക്രട്ടറിയായ മാങ്ങാട് മുല്ലാലി പുതിയപുരയിൽ ഇസ്മയിൽ (52)നാണ് മർദനമേറ്റത്. എ.പി വിഭാഗം പ്രവർത്തകനായ പഞ്ഞ്യന്റകത്ത് ശുഹൈബാണ് അക്രമിച്ചത്. കഴിഞ്ഞ കുറച്ചുകാലമായി എ.പി – ഇ.കെ. വിഭാഗങ്ങൾ തമ്മിൽ സ്ഥിരമായി പ്രശ്നമുണ്ടാകുന്ന പ്രദേശമാണിത്. എ.പി വിഭാഗം കയ്യാളിയിരുന്ന ഭരണം കഴിഞ്ഞ വർഷം നടന്ന തിരഞ്ഞെടുപ്പിൽ ഇ.കെ. വിഭാഗം പിടിച്ചെടുത്തിരുന്നു. സംഘർഷസാധ്യത കണക്കിലെടുത്ത് തിരഞ്ഞെടുപ്പ് വൻ പോലീസ് സുരക്ഷാവലയത്തിലാണ് നടന്നിരുന്നത്. തിരഞ്ഞെടുപ്പിന് ശേഷം വലിയ പ്രശ്നങ്ങളൊന്നുമുണ്ടായിരുന്നില്ല. അതിനിടെയാണ് ഇന്നലെ നബിദിനത്തോടനുബന്ധിച്ച് ഇസ്മയിലിന്റെ നേതൃത്വത്തിൽ പള്ളിയും പരിസരവും അലങ്കരിക്കുന്നതിനിടെ അവിടെയെത്തിയ ശുഹൈബ് ഇസ്മയിലുമായി തർക്കത്തിലേർപ്പെടുകയും മർദിക്കുകയും ചെയ്തത്. മർദനത്തിൽ മുഖത്തും ചെവിക്കും പരിക്കേറ്റ ഇയാളെ തളിപ്പറമ്പ ലൂർദ്ദാശുപത്രിയിൽ പ്രവേശിപ്പിച്ചു.

# കാറിടിച്ച് കാൽനടയാത്രക്കാരന് പരിക്ക്

തളിപ്പറമ്പ: കാറിടിച്ച് കാൽനടയാത്രക്കാരന് പരിക്ക്. ബദരിയ്യ നഗറിലെ തൊണ്ടിയാട് പുതിയപുരയിലെ മുസ്തഫഹാജി (60)ക്കാണ് പരിക്കേറ്റത്. ഇന്ന് രാവിലെ 6.15ഓടെ സഹകരണ ആശുപത്രിക്ക് മുന്നിലായിരുന്നു സംഭവം. റോഡരികിലൂടെ നടന്നുപോവുകയായിരുന്ന ഇയാളെ മാത്യു എന്നയാളുടെ കാർ ഇടിക്കുകയായിരുന്നു. പരിക്കേറ്റ ഇയാൾക്ക് സഹകരണാശുപത്രിയിൽ പ്രാഥമിക ചികിത്സ നൽകിയതിന് ശേഷം മംഗലാപുരത്തെ ആശുപത്രിയിലേക്ക് മാറ്റി.

# സി.പി.ഐ സമ്മേളന പ്രചരണ ബോർഡുകൾ മോഷ്ടിച്ചു

ആലക്കോട്: സി.പി.ഐ മണ്ഡലം സമ്മേളനത്തിന്റെ പ്രചരണാർത്ഥം സ്ഥാപിച്ച ഫ്ളക്സ് ബോർഡുകൾ സാമൂഹ്യവിരുദ്ധർ മോഷ്ടിച്ചതായി പരാതി. ഡിസംബർ 16, 17 തീയതികളിൽ നടുവിൽ നടക്കുന്ന സി.പി.ഐ ഇരിക്കൂർ മണ്ഡലം സമ്മേളനത്തിന്റെ ഭാഗമായി വിളക്കണ്ണൂർ, നടുവിൽ ചെമ്മീൻ കവല, സ്കൂൾ ജംഗ്ഷൻ, താവുകുന്ന് എന്നിവിടങ്ങളിൽ സ്ഥാപിച്ച നാല് ഫ്ളക്സ് ബോർഡുകളാണ് ഇന്നലെ രാത്രി മോഷണം പോയത്. ഏതോ വാഹനത്തിൽ കടത്തുകയായിരുന്നുവെന്നാണ് സംശയിക്കുന്നത്. സി.പി.ഐ നേതാക്കളായ സ്വാഗതസംഘം കൺവീനർ വത്സൻ നടുവിലും ചെയർമാൻ കെ.സി. ജോർജും കുടിയാന്മല പോലീസിൽ പരാതി നൽകി. സി.പി.ഐ സമ്മേളനം നടുവിൽ നടത്തുന്നതിൽ അസഹിഷ്ണുത പൂണ്ടവരാണ് സംഭവത്തിന് പിന്നിലെന്ന് സി.പി.ഐ നേതൃത്വം ആരോപിച്ചു.


സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2745
പവന് :21,960
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237








Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 39 RNI Reg.No.KER MAL/2007/22043